भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

EB 015137

## ലൈസൻസ് എഗ്രിമെന്റ്.

കൊല്ലം 1198 മീനം 18-ാം തീയതി 2023 ഏപ്രിൽ 1-ാം തീയതി (രണ്ടായിരത്തി ഇരുപത്തി മൂന്നാമാണ്ട് ഏപ്രിൽ മാസം ഒന്നാം തീയതി)

കൊയിലാണ്ടി താലൂക്ക് ചേമഞ്ചേരി വില്ലേജ് വെങ്ങളം ദേശത്ത് സ്ഥാപിതമായ ഇസ്ലാഹുൽ ഇസ്ലാം കമ്മിറ്റി കാട്ടിലപ്പീടിക (പോസ്റ്റ്. വെങ്ങളം-673303) ക്കു വേണ്ടി സെക്രട്ടറി മേപ്പടി ദേശത്ത് ഉക്കാസ്സു എന്നവരുടെ മകൻ കച്ചവടം പ്രവൃത്തി 52 വയസ്സ് പാടംകണ്ടി ഹാരീസ് ഒന്നാം പാർട്ടിയായും മേപ്പടി വില്ലേജ് വെങ്ങളം ദേശത്ത് താമസിക്കും അബ്ദുള്ള എന്നവരുടെ മകൻ കച്ചവടം 35 വയസ്സ് തെക്കെവളപ്പിൽ ജൗഹറലി ടി. വി. രണ്ടാം പാർട്ടിയായും എഴുതിയ ലൈസൻസ് എഗ്രിമെന്റ്.

ഒന്നാം പാർട്ടി ഹാരിസ്

രണ്ടാം പാർട്ടി ജൗഹറലി TV

9446 ... Rs 100/-
DATE 09-3-2023
NAME ജൗഹറലി, T.V.,
SARADA VENAS തെക്കെവളപ്പിൽ,
ചേമഞ്ചേരി വെങ്ങളം

06 MAR 2023

## നിശ്ചയങ്ങളും നിബന്ധനകളും

1. പട്ടികയിൽ വിവരിക്കുന്ന പീടികമുറി രണ്ടാം പാർട്ടിക്ക് ബിസിനസ്സ് ആവശ്യാർത്ഥം ഉപയോഗിപ്പാൻ മാത്രം അവകാശം ഉണ്ടായിരിക്കുന്നതാണ്.

2. ഈ ലൈസൻസ് അനുവദിക്കുന്നതിന് ലൈസൻസ് ഫീസായി അനുവദിച്ചിട്ടുള്ള ഒട്ടാകെ 11 (പതിനൊന്ന്) മാസകാലത്തെ ഫീസ് 56100 (അമ്പത്തി ആറായിരത്തി ഒരുനൂറ്) ഉറുപ്പികയായി തീർച്ചപ്പെടുത്തിയിട്ടുള്ളതും ആയത് രണ്ടാം പാർട്ടിയുടെ സൗകര്യാർത്ഥം മാസംതോറും 5100 (അയ്യായിരത്തി ഒരുനൂറ്) ഉറുപ്പിക പ്രകാരം ഒന്നാം പാർട്ടിക്ക് തന്ന് രശീതി വാങ്ങിക്കേണ്ടതും വീഴ്ച വരുത്തിയാൽ വീഴ്ച വന്ന സംഖ്യ രണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടിക്ക് വസൂലാക്കാവുന്നതും ആകുന്നു.

3. ഈ ലൈസൻസിന്റെ കാലാവധി 2023 ഏപ്രിൽ 1-ാം തീയതി മുതൽ 11 (പതിനൊന്ന്) മാസത്തേക്ക് മാത്രമായിട്ടുള്ളതും അതു പ്രകാരം 2024 ഫെബ്രുവരി 28ന് കാലാവധി അവസാനിക്കുന്നതുമാണ്.

4. പട്ടികയിൽ വിവരിക്കുന്ന പീടികമുറി ലൈസൻസ് അവകാശമായി ബിസിനസ്സ് നടത്തേണ്ടുന്ന ആവശ്യാർത്ഥം മാത്രം രണ്ടാം പാർട്ടി ഉപയോഗിക്കേണ്ടതും ഒന്നാം പാർട്ടിയുടെ അറിവോ സമ്മതമോ കൂടാതെ സ്ഥിരമായി നിൽക്കുന്ന യാതൊന്നും നിർമ്മിക്കുവാനോ ഉറപ്പിക്കുവാനോ രണ്ടാം പാർട്ടിക്ക് അവകാശമില്ലാത്തതുമാണ്. രണ്ടാം പാർട്ടി വെക്കുന്ന ഇളകുന്ന മുതലുകൾ എപ്പോഴും നീക്കം ചെയ്യാവുന്ന തരത്തിൽ സ്ഥാപിക്കേണ്ടതും യാതൊരു തരത്തിലും സ്ഥിരമായ വസ്തുക്കൾ പീടികമുറിയിൽ സൂക്ഷിക്കുവാനോ ഉറപ്പിക്കുവാനോ പാടില്ലാത്തതുമാകുന്നു.

5. പ്രസ്തുത പീടികമുറി ബന്ധപ്പെട്ട സ്ഥലവും എപ്പോഴും ഒന്നാം പാർട്ടിയുടെ കൈവശത്തിലിരിക്കുന്നതായി കണക്കാക്കപ്പെടുന്നതും

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

ബിസിനസ്സ് ആവശ്യാർത്ഥം അവ ഉപയോഗിക്കുവാൻ മാത്രം രണ്ടാം പാർട്ടിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നതുമാകുന്നു. നിയമാനുസൃതമായ കൈവശാവകാശം ഒന്നാം പാർട്ടിയിൽ തന്നെ തുടരുന്നതാണ്.

6. യഥാകാലങ്ങളിൽ ആവശ്യമുള്ള അറ്റകുറ്റപ്പണികൾ രണ്ടാം പാർട്ടിയുടെ ചെലവിന്മേൽ ഒന്നാം പാർട്ടിയുടെ സമ്മതത്തോടെ രണ്ടാം പാർട്ടി ചെയ്യിക്കേണ്ടതാണ്. ഒന്നാം പാർട്ടിയുടെ രേഖാമൂലമായ സമ്മതമില്ലാതെ അറ്റകുറ്റപണികൾ ചെയ്യുവാനോ പീടികമുറിയുടെയും ബന്ധപ്പെട്ട സ്ഥലത്തിന്റെയും ഘടനയ്ക്ക് മാറ്റം വരാവുന്നതോ ആയ യാതൊന്നും തന്നെ ചെയ്യുവാനോ രണ്ടാം പാർട്ടിക്ക് സ്വാതന്ത്ര്യം ഇല്ലാത്തതുമാകുന്നു.

7. ഈ എഗ്രിമെന്റ് പ്രകാരം ഒന്നാംപാർട്ടി രണ്ടാം പാർട്ടിക്ക് നൽകിയിട്ടുള്ളത് വെറും ഒരു ലൈസൻസ് മാത്രമാണ്. ആയത് ലൈസൻസ് കപ്പിൾഡ് വിത്ത് ഇന്ററസ്റ്റോ കൂടിയായ്മയോ അല്ല.

8. രണ്ടാം പാർട്ടി ഈ ലൈസൻസ് അവകാശം കൂടിയായ്മയോ ഇപ്പോൾ നിലവിലുള്ളതോ മേലിൽ നിലവിൽ ഉണ്ടാവാനിരിക്കുന്നതോ വരാനിടയുള്ളതോ ആയ നിയമമനുസരിച്ചുള്ള യാതൊരാനുകൂല്യങ്ങളും എപ്പോഴെങ്കിലും അവകാശപ്പെടാൻ പാടില്ലാത്തതുമാണ്. രണ്ടാം പാർട്ടി ലൈസൻസ് ഫീക്ക് പുറമെ പീടികമുറിയിലുപയോഗിച്ചു വരുന്നതുമായ ഇലക്ട്രിസിറ്റി ബിൽ അധിക ബില്ലുണ്ടെങ്കിൽ ആയതും യഥാസമയം അടച്ച് രശിതി വാങ്ങി ഒന്നാം പാർട്ടിയെ ബോധ്യപ്പെടുത്തേണ്ടതാണ്.

10. പീടികമുറിയിൽ രണ്ടാം പാർട്ടി നിയമവിരുദ്ധമായ പ്രവർത്തനങ്ങളോ അനധികൃതമായ സാധനങ്ങളോ ലഹരിപദാർത്ഥങ്ങളോ സ്ഫോടക വസ്തുക്കളോ സൂക്ഷിക്കുവാനോ ഉപയോഗിക്കുവാനോ പാടില്ലാത്തതാണെന്നും നിശ്ചയിച്ചിരിക്കുന്നു.

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

11. ഈ ലൈസൻസിന്റെ കാലാവധി തീരുന്നതോടുകൂടി രണ്ടാം പാർട്ടി അവരുടെ സാധനങ്ങൾ നീക്കം ചെയ്ത് പീടികമുറിയിലേക്ക് പ്രവേശിപ്പാൻ പാടില്ലാത്തതാണ്. ഈ നിശ്ചയത്തിന് വിരുദ്ധമായി രണ്ടാം പാർട്ടി പ്രവർത്തിക്കുന്നതായാൽ പ്രവേശനം തടയാൻ ഒന്നാം പാർട്ടിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇരുപാർട്ടികളും രേഖാമൂലം സമ്മതിക്കുന്ന പക്ഷം ഇതേ നിശ്ചയത്തിന്മേലോ അല്ലാതെയോ തുടർന്ന് പോകാവുന്നതാണ്.

12. പട്ടികയിൽ വിവരിക്കുന്ന പീടികമുറി രണ്ടാം പാർട്ടി ലൈസൻസായി ഉപയോഗിക്കുന്നതിന്റെയും ലൈസൻസ് നിശ്ചയങ്ങൾ പാലിക്കുന്നതിന്റെയും ഉറപ്പിലേക്കായി രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് തന്ന 25,000 ഇരുപത്തി അയ്യായിരം) ഉറുപ്പിക ഈ ലൈസൻസ് എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞ് രണ്ടാം പാർട്ടി പീടികമുറിയിൽ നിന്ന് മാറുമ്പോൾ യാതൊരു പലിശയും കൂടാതെ ലൈസൻസ് ഫീ കുടിശ്ശിക വകയിലോ, കറന്റ് ചാർജ്ജ് കുടിശ്ശിക വകയിലോ, പീടികമുറികൾക്ക് രണ്ടാം പാർട്ടിയുടെ നോട്ടക്കുറവിനാലോ, മോശമായ ഉപയോഗം കൊണ്ടോ ഉണ്ടാകുന്ന കേടുപാടുകൾ മൂലമുള്ള നഷ്ടം വകയിലോ രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് കൊടുക്കാനുണ്ടാകുന്ന നഷ്ടസംഖ്യ എന്നിവ തട്ടിക്കിഴിച്ച് ബാക്കിസംഖ്യ ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് തിരിച്ച് കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചിരിക്കുന്നു.

13. മേൽപ്രകാരം ഒന്നാം പാർട്ടിയുടെ കൈവശത്തിലിരിക്കുന്നതും ഉടമസ്ഥതയിലുള്ളതുമായ ഈ പീടികമുറികളോട് തൊട്ടുകിടക്കുന്ന മുറികൾ ഉപയോഗിക്കുന്ന ലൈസൻസികൾക്ക് ശല്യമായേക്കാവുന്നതോ സ്വൈര്യക്കേട് വരുത്തുന്നതോ ആയ യാതൊന്നും രണ്ടാം പാർട്ടി ചെയ്തു കൂടാത്തതാണ്. ഇതിന് വിപരീതമായി രണ്ടാം പാർട്ടി പ്രവർത്തിക്കുന്നതായാൽ ഈ ലൈസൻസിന്റെ കാലാവധി തീരുന്നതിന് മുമ്പു തന്നെ ഇത് റദ്ദ് ചെയ്യുവാനും പീടികമുറിയിലേക്ക് പ്രവേശിക്കുന്നതിൽ

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

നിന്നും അവ ഉപയോഗിക്കുന്നതിൽ നിന്നും രണ്ടാം പാർട്ടിയെ വിലക്കുവാനും ഒന്നാംപാർട്ടിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

14 ഈ ലൈസൻസ് അനുവാദം രണ്ടാം പാർട്ടിക്ക് വ്യക്തിപരമായി മാത്രം നൽകിയിട്ടുള്ളതും ആയത് കൈമാറ്റം ചെയ്യുവാനോ അന്യർക്ക് കൈവശം ഏൽപ്പിച്ച് കൊടുക്കുവാനോ രണ്ടാം പാർട്ടിക്ക് അവകാശമില്ലാത്തതും കൈമാറുന്ന അവസരത്തിൽ സ്വമേധയാ ലൈസൻസ് റദ്ദാവുന്നതുമാണ്.

15 ഈ എഗ്രിമെന്റിന്റെ അസ്സൽ ഒന്നാം പാർട്ടിയും ഇതിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി രണ്ടാം പാർട്ടിയും സൂക്ഷിക്കുവാനും നിശ്ചയിച്ചിരിക്കുന്നു.

## <u>പട്ടിക</u>

| |
|---|
| കൊയിലാണ്ടി താലൂക്ക് ചേമഞ്ചേരി വില്ലേജ് വെങ്ങളം ദേശം റീസർവ്വെ..................മാട്ടുവയിൽ പറമ്പിൽ ഉള്ളതായ താഴെ നാല് മുറികളായിട്ടുള്ളതായ മൂന്ന്നില നൂറുൽ ഹുദാ മദ്രസ ബിൽഡിംഗിലെ താഴെ നിലയിൽ വടക്കുനിന്നും രണ്ടാമത്തെ മുറി കെട്ടിട നമ്പർ C. P. 12/637 |

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

സാക്ഷികൾ

1

2